കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കൊല്ലം നഗരസഭ-നഗരസഭ വക സ്ഥലം തുറമുഖ വകുപ്പിന് കൈമാറുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1450/2013/തസ്വഭവ                    തീയതി, തിരുവനന്തപുരം 4-6-2013

---

പരാമർശം: 1) സ.ഉ. (സാധാ) നം 2365/2011/തസ്വഭവ തീയതി 17/10/2011

2) കൊല്ലം നഗരസഭയുടെ 29/12/2012 ലെ 35-ാം നമ്പർ തീരുമാനം

3) കൊല്ലം നഗരസഭ സെക്രട്ടറിയുടെ 16/2/2013 ലെ പി.ഡബ്ല്യു8/29973/10 നമ്പർ കത്ത്

4) നഗരകാര്യ ഡയറക്ടറുടെ 8/5/2013 ലെ ജി3 5608/13 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം തുറമുഖത്ത് അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് കൊല്ലം നഗരസഭ വക കൊല്ലം വെസ്റ്റ് വില്ലേജ് ബ്ലോക്ക് 193, റി.സ 63 ൽപ്പെട്ട 8.15 സെന്റ് സ്ഥലം തുറമുഖ വകുപ്പിന് കൈമാറുന്നതിന് പരാമർശം(1) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു. എന്നാൽ ടി സ്ഥലത്ത് ഉൾപ്പെട്ടുവരുന്ന അംഗൻവാടി, റോഡ്, വഴി എന്നിവയുടെ ഉപയോഗത്തിനുള്ളത് കഴിച്ച് 5.12 സെന്റ് മാത്രമേ തുറമുഖ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ എന്നും 5.12 സെന്റ് സ്ഥലം മതിയാകുമെന്ന് തുറമുഖ വകുപ്പ് അധികൃതർ നഗരസഭയെ അറിയിച്ചിട്ടുള്ളതായും ആകയാൽ 8.15 സെന്റ് സ്ഥലത്തിന് പകരം 5.12 സെന്റ് തുറമുഖ വകുപ്പിന് കൈമാറുന്നതിന് പരാമർശം(2) പ്രകാരം തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം സെക്രട്ടറി അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് റദ്ദ് ചെയ്യും കൊല്ലം നഗരസഭയുടെ ഉടമസ്ഥതയിലുള്ള റി.സ. 63-ൽപ്പെട്ട 5.12 സെന്റ് സ്ഥലം തുറമുഖ വകുപ്പിന് കൈമാറുന്നതിന് കൊല്ലം നഗരസഭയ്ക്ക് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഷൈനി ജോർജ്ജ്

അണ്ടർ സെക്രട്ടറി

സെക്രട്ടറി , കൊല്ലം നഗരസഭ

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി (ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി (എൽബിഎ&എ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

മത്സ്യബന്ധന തുറമുഖവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.